[redacted] [redacted]

പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2939 10.03.2017- ൽ മറുപടിക്ക്**

## ആലത്തൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ശോചനീയാവസ്ഥയിലുള്ള റോഡുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1) മുടപ്പല്ലൂർ - മംഗലം ഡാം റോഡ് - കി.മീ. 0/000 മുതൽ 9/432 വരെ<br>2) കണിമംഗലം - ചെറുകുന്നം - മംഗലം ഡാം റോഡ് - കി.മീ. 0/000 മുതൽ 8/845 വരെ<br>3) കുണ്ടുകാട് - ചിറ്റടി റോഡ് -കി.മീ. 0/000 മുതൽ 6/600 വരെ<br>4) കണിച്ചിപരുത - പാലക്കുഴി റോഡ് - കി.മീ. 0/000 മുതൽ 7/150 വരെ<br>5) ആലത്തൂർ - മരുതംതടം റോഡ് - കി.മീ. 0/000 മുതൽ 1/500 വരെ |
| (ബി) പ്രസ്തുത റോഡുകൾ നവീകരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) ക്രമ നം 1-ലെ റോഡ് പ്രവൃത്തി ആദ്യം ഏറ്റെടുത്ത കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയുണ്ടായി. ബാക്കിയുള്ള പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെക്കൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതിനായി ബി.എം & എസ്.ഡി. ബി.സി പ്രവൃത്തിയുടെ അളവ് കണക്കാക്കിക്കൊണ്ടിരിക്കുന്നു.<br><br>ക്രമ നം. 2, 3, 4 എന്നിവയിലെ റോഡുകളിൽ അടിയന്തിര അറ്റകുറ്റപ്പണികൾക്ക് 3 പ്രാവശ്യം ദർഘാസ് നടത്തിയിട്ടും പ്രതികരണം ഇല്ലാത്തതിനാൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ക്രമ നം 5-ലെ റോഡ് പ്രവൃത്തി സംബന്ധിച്ച ഫയലുകൾ വിജിലൻസിന്റെ കൈവശമായതിനാൽ അറ്റകുറ്റ പ്രവൃത്തികൾ നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റിന്റെ അനുമതി തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ